ക്രമത്തിൽ നടപ്പിലാക്കാവുന്ന പരിപാടികൾക്ക് വിശദമായ എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കി സമർപ്പിക്കാൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സ്ഥലത്തിന്റെ ലഭ്യത കൂടി ഉറപ്പ് വരുത്തേണ്ടതുണ്ട്.

(ബി) കുട്ടികൾക്കായുള്ള ട്രെയിനിന്റെ പദ്ധതി ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് ഇതിനു വേണ്ട പദ്ധതികൾ സമർപ്പിക്കേണ്ടത്.

127 (1730) കായംകുളം ടൂറിസ്റ്റ് കേന്ദ്രമാക്കി ഉയർത്തുന്നതിന് നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കായംകുളം ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇനിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസനപദ്ധതികൾ എന്തൊക്കൊയെന്ന് വ്യക്തമാക്കുമോ;

(സി) കായംകുളം വാട്ടർസൈഡ് അമിനിറ്റീസ് കേന്ദ്രം നിശ്ചിതകാലത്തിനുളളിൽ പണി പൂർത്തിയാക്കത്തതിന്റെ കാരണം വിശദമാക്കുമോ; എന്നത്തേക്ക് പണി പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം കായകുളം ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെ ഒരു 'വാട്ടർസൈഡ്' അമിനിറ്റി യുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) മറ്റ് പുതിയ പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(സി) വാട്ടർസൈഡ് അമിനിറ്റിക്കാവശ്യമായ, സ്ഥലം ഫിഷറീസ് വകുപ്പിൽനിന്നും കൈമാറികിട്ടിയതാണ്. ഈ സ്ഥലത്ത് ഫിഷറീസ് വകുപ്പിന്റെ ഒരു ഓഫീസ് പ്രവർത്തിച്ചിരുന്നു. പദ്ധതിയുടെ നിർമ്മാണത്തിന്റെ ഭാഗമായി ഈ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി പുതിയ ഓഫീസ് കെട്ടിടം ഫിഷറീസ് വകുപ്പിനുവേണ്ടി നിർമ്മിച്ചു. എന്നാൽ അവരുടെ ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് ഇതുവരെ മാറിയിട്ടില്ല. ഇതാണ് പദ്ധതിയുടെ കാലതാമസത്തിനുള്ള കാരണം. പദ്ധതി 2000-മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

128 (1731) കൊല്ലം ഡി.ടി.പി.സി സെക്രട്ടറി

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡി.ടി.പി.സി സെക്രട്ടറി തസ്തികയിൽ ഇപ്പോൾ ജോലി നോക്കുന്ന വ്യക്തി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിച്ച സർക്കാർ ഉദ്യോഗസ്ഥനാണോ;

1062/2010.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിന് ഈ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ ഉദ്യോഗസ്ഥൻ സാമ്പത്തിക ഇടപാടുകൾ നടത്തിയതിൽ ക്രമക്കേട് നടത്തിയതായ ആരോപണത്തെക്കുറിച്ച് അരെങ്കിലും അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വെളിപ്പെടുത്തുമോ; റിപ്പോർട്ടിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(ഇ) കൊല്ലം ജില്ലാ കളക്ടർ ഡി.ടി.പി.സി യിൽ സാമ്പത്തിക ക്രമക്കേട് നടന്നതായി പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) അഴിമതി നടത്തിയെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ടവർക്കതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ജി) സാമ്പത്തിക ക്രമക്കേട് ആവർത്തിക്കാതിരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) അല്ല. കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടയാളാണ്.

(ബി) സെക്രട്ടറി എന്ന നിലയിൽ ഡി.ടി.പി.സി യുടെ ഭരണപരവും സാമ്പത്തികവുമായ ചുമതലകൾ ഈ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

(സി) കൊല്ലം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസലിലെ സെക്രട്ടറിയടക്കമുള്ള ചില ഉദ്യോഗസ്ഥൻമാരുടെ പേരിൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൊല്ലം കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസറെ അന്വേഷണത്തിനായി ജില്ലാ കളക്ടർ 16.6.98-ൽ ചുമതലപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ അന്വേഷണ റിപ്പോർട്ടിൽ ഡി.ടി.പി.സി സെക്രട്ടറിയും കാഷ് കൈകാര്യം ചെയ്തുവന്ന ഹെഡ് ക്ലാർക്കിനുമെതിരെ ചില പരാമർശങ്ങൾ ഉണ്ട്.

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയും കാഷ് കൈകാര്യം ചെയ്തിരുന്ന ക്ലാർക്കിനുമെതിരെ ശിക്ഷാ നടപടികൾ എടുത്തിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. ശരത്ചന്ദ്ര ബാബു എന്ന ക്ലാർക്കിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. ഇയാൾ 1,38,168 രൂപയുടെ തിരിമറിക്ക് ഉത്തരവാദിയാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ക്രിമിനൽകേസ് സംബന്ധമായ നടപടി കൈക്കൊള്ളുവാനും തീരുമാനിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പിഴവുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ബന്ധപ്പെട്ടവർക്കെതിരെ ശിക്ഷണ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ജി) സാമ്പത്തികവും ഭരണപരവുമായ നടപടിക്രമങ്ങളെല്ലാം ചിട്ടപ്പെടുത്തണമെന്നും സമിതിയുടെ കണക്കുകൾ ഒരു ചാർട്ടേർഡ് അക്കൗണ്ടിനെ കൊണ്ട് ഓഡിറ്റു ചെയ്യിച്ചിരിക്കണമെന്നും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly